പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 600

27.10.2011-ലെ മറുപടിയ്ക്ക്

## പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ<br>" കെ.വി. വിജയദാസ്<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള പദ്ധതിക്ക് ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് ; പ്രസ്തുത തുക പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി സഹകരണ വകുപ്പിന്റെ 2011-12 വർഷത്തെ വാർഷിക ബഡ്ജറ്റിൽ, സബ്സിഡി ശീർഷകത്തിൽ 15 ലക്ഷം രൂപയും, ഓഹരി മൂലധന ശീർഷകത്തിൽ 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ മേഖലയിൽ എത്ര സഹകരണ സംഘങ്ങൾ ഉണ്ട് ; | (ബി) നിലവിൽ 758 പട്ടികജാതി സഹകരണ സംഘങ്ങളും, 104 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുമാണ് ഉള്ളത്. |
| (സി) ഈ വർഷം എത്ര സംഘങ്ങളെ ഈ പദ്ധതി പ്രകാരം സഹായിക്കാൻ സാദ്ധ്യമാകും? | (സി) 2011-12 വർഷത്തിൽ വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപയിൽ നിന്നും 8 സംഘങ്ങളെ സഹായിക്കാൻ സാധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ